ശ്രീ. സി.എം. സുന്ദരം: ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല. ശ്രദ്ധയിൽപെടുത്തുകയാണെങ്കിൽ നടപടി സ്വീകരിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: ആറുമാസം കഴിഞ്ഞിട്ടും 1985–86 ലേയ്ക്ക് അലോട്ട്മെൻറ് കൊടുത്തിട്ടില്ല. ഇനിയുള്ള ആറുമാസംകൊണ്ട് കൊടുക്കുന്ന കാശ് ചെലവാക്കാൻ കഴിയുകയില്ല. അതുകൊണ്ട് അടിയന്തിരമായി കൂടുതൽ തുക കൊടുക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ?

ശ്രീ. സി.എം. സുന്ദരം: കൂടുതൽ തുക ഗവൺമെൻറിൽ നിന്നും കിട്ടാൻവേണ്ട എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ദേശീയ തൊഴിൽദാന പരിപാടി

* 58 [100] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
ശ്രീമതി കെ.ആർ. ഗൗരി:
ശ്രീ. സി.കെ. ചക്രപാണി:
,, വി.എസ്. ചന്ദ്രശേഖരൻപിള്ള:
,, എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ തൊഴിൽദാന പരിപാടി നടപ്പാക്കിയതിൽ വന്നിട്ടുള്ള വീഴ്ചകളെപ്പറ്റി ഇൻഡ്യാ ഗവൺമെൻറിൻെറ കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ വല്ല പരാമർശവും നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്താണെന്നു വെളിപ്പെടുത്താമോ?

സാമൂഹ്യ വികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഉണ്ട്.

(ബി) കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ 1983–84 വർഷത്തെ റിപ്പോർട്ടിൽ എല്ലാ സംസ്ഥാനങ്ങൾക്കും പൊതുവായി ബാധകമായ പരാമർശനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിൽ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം താഴെ പറയുന്ന ഗൗരവമായ കാര്യങ്ങൾ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്:

18 ബ്ലോക്കുകളിലേക്കായി 4294 ടൺ ഭക്ഷ്യധാന്യം നൽകുകയുണ്ടായി. ഈ ഭക്ഷ്യധാന്യം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും കിട്ടിയതായും ആയത് കൺവീനർമാർക്ക് കൊടുത്തതായും ബ്ലോക്കുകളിലെ രജിസ്റ്ററിൽ കാണുന്നുണ്ട്. എന്നാൽ ഈ ഭക്ഷ്യധാന്യം ബ്ലോക്കു തല സ്ഥാനങ്ങളിൽ എത്തുകയോ അവിടെ നിന്ന് കൊടുക്കുകയോ ചെയ്തതായി കാണുന്നില്ല. കൂടാതെ ചിറയിൻകീഴ് ബ്ലോക്കിൽ കൺവീനർമാർക്ക് കൂടുതലായി നൽകിയിരുന്ന 66.81 ടൺ ഭക്ഷ്യധാന്യം തിരിച്ച് വാങ്ങാത്തതിനെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. 'ജോലിക്ക് ഭക്ഷണം' എന്ന പരിപാടിയനുസരിച്ച് വിതരണം ചെയ്ത 515.650 ടൺ ഭക്ഷ്യധാന്യം ഉപയോഗിക്കാതെ മൂന്ന് വർഷത്തിലധികം കൺവീനർമാരുടെ കൈവശം ഇരിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു. 1981 മാർച്ചിനും 1983 മാർച്ചിനും ഇടയ്ക്ക് 14 ബ്ലോക്കുകളിലായി 17.39 ലക്ഷം രൂപയ്ക്ക് ഏറ്റെടുത്ത 29 ജോലികൾ ഉപേക്ഷിച്ചതായും റിപ്പോർട്ടിൽ പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly